റവന്യൂ വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

86 (2142) ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ച ഗസറ്റഡ് ഓഫീസർമാർക്ക് പ്രൊബോഷൻ സമയത്ത് സ്ഥലംമാറ്റം നൽകുന്നത് തടഞ്ഞുകൊണ്ട് ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥ ദമ്പതികൾക്ക് ഒരേ സ്റ്റേഷനിൽ നിയമനം നൽകുന്നതിന് പരിഗണിക്കണമെന്ന് ഉത്തരവ് ഉണ്ടോ;

(ഡി) വികലാംഗരായ ദമ്പതികളുണ്ടെങ്കിൽ ആർക്കാണ് മുൻഗണന നൽകേണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിന് വിരുദ്ധമായി ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥ ദമ്പതികൾക്ക് കഴിയുന്നതും സ്വന്തം ജില്ലയിലോ, ഒരേ സ്റ്റേഷനിലോ നിയമനം നൽകണമെന്ന ഉത്തരവ് നിലവിലുണ്ട്.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ ദമ്പതിമാർക്കാണ് മുൻഗണന നൽകേണ്ടത്.

(ഇ) ഇല്ല.

സർക്കാർ സ്ഥലത്തെ ഗാന്ധിസ്മാരകനിധി കെട്ടിടം

87(2143) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ സർക്കാർ വക സ്ഥലം ഗാന്ധിസ്മാരക നിധിക്ക് കുത്തകപാട്ടത്തിന് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രകാലത്തേയ്ക്കാണ് നൽകിയത്;

(സി) എത്ര ഏക്കർ സ്ഥലമാണ് അഴൂർ വില്ലേജിൽ നൽകിയിട്ടുള്ളത്;

(ഡി) പാട്ടത്തുക എത്രയാണ്;

(ഇ) ഈ സ്ഥലത്ത് ഗാന്ധിസ്മാരകനിധി എന്തെങ്കിലും പ്രവർത്തനം നടത്തുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത സ്ഥലവും കെട്ടിടവും ഏതെങ്കിലും വ്യക്തികൾക്കോ സംഘടനകൾക്കോ വാടകയ്ക്ക് നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ ഏതെല്ലാം വ്യക്തികൾക്കും സംഘടനകൾക്കും വാടകയ്ക്ക് നൽകിയിട്ടുണ്ട്;

(എച്ച്) പാട്ടത്തിന് വാങ്ങിയ ഗവൺമെന്റ് സ്ഥലവും കെട്ടിടവും വാടകയ്ക്ക് മറിച്ചു നൽകുന്നത് പാട്ടവ്യവസ്ഥയുടെ ലംഘനമാണോ;

(ഐ) പാട്ടത്തിനു വാങ്ങിയ സ്ഥലം ബന്ധപ്പെട്ടവർ പരിപാലിക്കാത്തതു കാരണം അന്യാധീനപ്പെട്ടുപോകുന്നു എന്നത് സംബന്ധിച്ച് എതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ജെ) പരാതി ഗവൺമെന്റ് പരിശോധിച്ചോ; പ്രസ്തുത സ്ഥലത്തിന്റെ പാട്ടം റദ്ദ്ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(കെ) പാട്ടം റദ്ദുചെയ്യുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ;

(എൽ) ഈ കേസിൽ ബഹു. ഹൈക്കോടതി എന്നാണ് സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചത്;

(എം) സ്റ്റേ നീക്കുന്നതിന് ഗവൺമെന്റ് എന്നാണ് അഡ്വ.ജനറൽ ഓഫീസിലേക്ക് കത്തെഴുതിയത്;

(എൻ) സ്റ്റേ നീക്കി അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16.9.54 മുതൽ 12 വർഷത്തേക്ക്;

(സി) പാട്ടം നൽകിയ ഉത്തരവിൽ 5 ഏക്കർ എന്ന് കാണുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ 4.84 ഏക്കർ മാത്രമേ ഉള്ളൂ.

(ഡി) പ്രതിവർഷം 2269 രൂപ.

(ഇ) വികസന പ്രവർത്തനങ്ങളൊന്നും ഇല്ലാതെ തരിശായി കിടക്കുന്നു.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) തന്നെ.

(ഐ) ഉണ്ട്.

(ജെ) ഗാന്ധിസ്മാരകനിധിക്ക് നൽകിയിരുന്ന കുത്തകപാട്ടം റദ്ദ് ചെയ്ത് ടി സ്ഥലത്തുനിന്നും 1.94 ഏക്കർ സ്ഥലം ഒരു ആധുനിക കയർ ഫാക്ടറി ആരംഭിക്കുന്നതിനായി അഴൂർ പഞ്ചായത്തിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(കെ) ഉണ്ട്.

(എൽ) 15.4.98 ലെ സി.എം.പി. 12644/98 പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly

(എം) 6 ആഴ്ചക്കാലത്തേയ്ക്കാണ് സ്റ്റേ ഉത്തരവായിരുന്നത്. ഇപ്പോൾ സ്റ്റേ നിലവിലില്ല.

(എൻ) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ

88 (2144)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷന്റെ ഏകദേശ എസ്റ്റിമേറ്റ് എത്ര ലക്ഷം രൂപയാണ്, പ്ലാൻ-വിശദ എസ്റ്റിമേറ്റ് തയ്യാറായോ;

(സി) 1999-2000 ആണ്ടിലെ ബഡ്ജറ്റിൽ പ്രസ്തുത വർക്കിന് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്നും അത് മൊത്തം തുകയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ;

(ഡി) സ്ഥലം ലഭ്യമായ പരിതസ്ഥിതിയിൽ വടക്കൻ പറവൂർ സിവിൽ സ്റ്റേഷൻ ഈ സാമ്പത്തിക വർഷം തന്നെ പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കുന്നതിന് തടസ്സം എന്തെങ്കിലും ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 200 ലക്ഷം രൂപ പ്ലാൻ തയ്യാറാക്കുന്നതിന് ചീഫ് ആർക്കിടെക്ടിനു നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(സി) 1999-2000 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പണിക്ക് 16 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമുണ്ട്. ഇത് മൊത്തം തുകയുടെ 8 ശതമാനമുണ്ട്.

(ഡി)&(ഇ) മൊത്തം തുകയുടെ 20 ശതമാനമെങ്കിലും ബഡ്ജറ്റ് വിഹിതമുണ്ടെങ്കിൽ മാത്രമേ പണി ആരംഭിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകാറുള്ളൂ. മതിയായ ഫണ്ട് ലഭ്യമായാൽ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി മറ്റ് നടപടി ക്രമങ്ങളും പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

"സൗജന്യറേഷൻ"

89 (2145)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly